പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*170 — 13.07.2016 - ൽ മറുപടിയ്ക്ക്

## 108 ആംബുലൻസ് സംവിധാനം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭാ ഹരി:<br>ശ്രീ.വി.ജോയി:<br>ശ്രീ. ബി.ഡി.ദേവസ്സി:<br>ശ്രീ.പി.ടി.എ. റഹീം: | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
|---|---|
| (എ) മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ച 108 ആംബുലൻസ് സംവിധാനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ ; | (എ) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തനം നടത്തുന്ന 108 ആംബുലൻസുകൾ 26.03.2016 ൽ തുടങ്ങി 08.07.2016 വരെ വിവിധ തീയതികളിൽ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് തീരുന്ന വാഹനങ്ങളാണ്. അതിനാൽ ഇവയുടെ സർവ്വീസ് വിവിധ തീയതികളിൽ നിർത്തി വയ്ക്കുകയും അറ്റകുറ്റപണികൾ നടത്തിവരികയുമാണ്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ 04 വാഹനങ്ങളുടെയും ആലപ്പുഴ ജില്ലയിൽ 06 വാഹനങ്ങളുടെയും അറ്റകുറ്റപണികൾ തീർത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളതാണ്. ബാക്കിയുള്ള വാഹനങ്ങളുടെ അറ്റകുറ്റപണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി വരുന്നു. 16.07.2016 ന് മുമ്പായി തിരുവനന്തപുരം ജില്ലയിൽ 09 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 04 വാഹനങ്ങളും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് പൂർത്തിയാക്കി പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയും. ബാക്കിയുള്ള വാഹനങ്ങൾ ത്വരിത വേഗത്തിൽ അറ്റകുറ്റപണികൾ പൂർത്തിയാക്കി സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഈ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെങ്കിലും തുടർ നടപടിയുണ്ടാകുമോ; വിശദാംശം അറിയിക്കുമോ; | (ബി) ഈ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനായി 14.07.2014 ൽ ടെണ്ടർ വിളിക്കുകയും അന്നത്തെ ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ ഇ.എം.ആർ.ഐ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുകയും ചെയ്തു. സർക്കാർ നിയമിച്ച സെക്രട്ടറിമാരുടെ കമ്മിറ്റി വിവിധ ഘട്ടങ്ങളിലായി ചർച്ച നടത്തുകയും നിരക്കുകൾ കുറക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ |

| | |
|---|---|
| | സെക്രട്ടറീസ് കമ്മിറ്റി മുന്നോട്ടുവച്ച നിരക്കുകൾക്കനുസരിച്ച് പ്രവർത്തിക്കാൻ സാധ്യമല്ല എന്ന് കമ്പനി അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. ചുരുങ്ങിയ കാലയളവിനുള്ളിൽ 6 കൊല്ലത്തോളം പഴക്കമുള്ളതും ശരാശരി 2.5 ലക്ഷം കിലോമീറ്റർ സഞ്ചരിച്ചതുമായ വാഹനങ്ങൾ പ്രവർത്തിപ്പിക്കുവാനായി ഒരു ഓപ്പറേറ്റിംഗ് ഏജൻസിയെ ലഭിക്കുവാനുള്ള വിദൂര സാധ്യത മുൻ നിർത്തി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് പ്രസ്തുത വാഹനങ്ങൾ ജി.വി.കെ ഇ.എം.ആർ.ഐ യിൽ നിന്നും ഏറ്റെടുത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിക്കാൻ ഉത്തരവായി. അതിൻപ്രകാരം വാഹനങ്ങളും അതിലെ ജീവനക്കാരും അതാത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലും കൺട്രോൾ റൂമും അതിലെ ജീവനക്കാരും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലും പ്രവർത്തിപ്പിക്കുവാനായി നിർദ്ദേശിച്ചു. തത്ഫലമായി 16.07.2015 മുതൽ പ്രസ്തുത പദ്ധതി ഇപ്രകാരമാണ് പ്രവർത്തിക്കുന്നത്.<br>27.07.2015 ൽ കെൽട്രോൺ ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാനായി ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി പ്രസ്തുത പ്രൊപ്പോസൽ സർക്കാർ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അഭിപ്രായം അറിയുന്നതിനായി അയയ്ക്കുകയും അതിനുശേഷം കെൽട്രോണിനോട് നിരക്കുകൾ കുറച്ച് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത നിരക്കുകളും കൂടുതലാണെന്നുകണ്ട് കെൽട്രോണിനോട് വീണ്ടും നിരക്കുകൾ കുറയ്ക്കാൻ ആവശ്യപ്പെടുകയും കെൽട്രോൺ സമർപ്പിച്ച നിരക്കുകൾ പരിശോധിച്ച് കമ്മിറ്റി ഓഫ് സെക്രട്ടറീസ് ഇതിന്റെ പ്രവർത്തനത്തിനായി നിശ്ചയിച്ച നിരക്കുകൾ ആധാരമാക്കി നിരക്കുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ഇപ്പോൾ പ്രവർത്തിക്കുന്ന മാതൃകയിൽ പ്രസ്തുത പദ്ധതി കേരളമൊട്ടാകെ വ്യാപിപ്പിച്ചാൽ പ്രവർത്തന ചിലവുകൾ എത്രയാണെന്നുള്ളത് സർക്കാരിലേക്ക് അറിയിക്കാൻ |

| | |
|---|---|
| | നിർദ്ദേശം നൽകി. 18.03.2016 ൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന രീതിയിൽ എപ്രകാരം കേരളമൊട്ടാകെ പ്രവർത്തനം വ്യാപിപ്പിക്കാം എന്നും അതിന് എന്ത് ചിലവ് വരും എന്നുള്ളതും കാണിച്ച് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയുമാണ്. |
| (സി) നിലവിൽ സർവ്വീസ് നടത്തുന്ന ജില്ലകളിൽ 108 ആംബുലൻസ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാരിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | (സി) നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നിലവിലുള്ളത്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏറ്റെടുത്തശേഷം 2.5 ലക്ഷത്തോളം കിലോമീറ്ററുകൾ പിന്നിട്ട ഈ വാഹനങ്ങളുടെ അറ്റകുറ്റപണികൾ പൂർണമായും പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി മികച്ച രീതിയിൽ സംസ്ഥാന ആരോഗ്യമിഷന്റെ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരുടെ സഹായത്തോടുകൂടി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസ്തുത പദ്ധതി ഏറ്റെടുത്തശേഷം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും തൊഴിൽ തർക്കങ്ങളും മറ്റും ഇല്ലാതാക്കുകയും ചെയ്തു. നിലവിലുള്ള 43 വാഹനങ്ങളുടെ കാലപ്പഴക്കം മാത്രമാണ് പദ്ധതിക്ക് വിഘാതമായിട്ടുള്ളത്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മികച്ച രീതിയിലുള്ള ഒരു സോഫ്റ്റ് വെയർ സംവിധാനം തയ്യാറായി വരുന്നു. പ്രസ്തുത സോഫ്റ്റ് വെയർ മുഖാന്തിരം വാഹനങ്ങളുടെ സേവനത്തിനായി വിളിക്കുന്ന വ്യക്തികൾക്ക് വിളിച്ചതിനുശേഷം വാഹനം എവിടെയെത്തി എന്ന് സ്മാർട്ട് ഫോണിൽ കൂടി മനസ്സിലാക്കുവാനുള്ള സംവിധാനം ഉൾപ്പെടെ വളരെയധികം ജനോപകാരപ്രദവും കാര്യക്ഷമമായുമുള്ള സംവിധാനങ്ങളും ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ